മലയാള മനോരമ

07 December 2019

മീനുകൾക്കു ചെവിക്കല്ലുകളുണ്ട്. കേൾവിക്കും ബാലൻസിങ്ങിനും സഹായിക്കുകയാണ് ഇവയുടെ ധർമം. ചെവിക്കല്ലിന്റെ സഹായത്തോടെ മീനുകളുടെ പ്രായം കണ്ടെത്താനുള്ള ഗവേഷണത്തിനിടെയാണ് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിലെ ശാസ്ത്രജ്ഞരുടെ ഉള്ളിൽ മറ്റൊരാശയം മിന്നിയത്! ചെവിക്കല്ലുപയോഗിച്ച് ആഭരണം നിർമിച്ചാലോ...

# മീനിന്റെ ചെവിക്കല്ലിലെ പൊട്ടിക്കല്ല്!

എൻ.വി. കൃഷ്ണദാസ്

കൊച്ചി ● മീനുകളുടെ ചെവിക്കല്ലുകൾ അടിച്ചുപൊട്ടിക്കല്ലേ... ഈ കല്ലുപയോഗിച്ച് ആഭരണങ്ങളുണ്ടാക്കാം. ഇതൊരു പുതിയ ബിസിനസായി വളർന്നേക്കാം; സൂക്ഷ്മതയോടെ കൈകാര്യം ചെയ്താൽ. മീനുകളുടെ തലയോട്ടിക്കകത്തുനിന്നു ചെവിക്കല്ലുകൾ പൊട്ടാതെ ശ്രദ്ധയോടെ പുറത്തെടുക്കണമെന്നു മാത്രം. മീനുകളുടെ ചെവിക്കല്ലുകൾ പുറത്തെടുക്കുന്നതിലും അവ ഉപയോഗിച്ച് ആഭരണങ്ങൾ നിർമിക്കുന്നതിലും 5 വർഷമായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തിവന്ന ഗവേഷണ പരീക്ഷണങ്ങൾ വിജയകരമായി പൂർത്തിയായി. ഈ കല്ലുകൾ ഉപയോഗിച്ച് വാണിജ്യാടിസ്ഥാനത്തിൽ ആഭരണങ്ങൾ നിർമിച്ചു വിപണിയിലെത്തിക്കാനുള്ള സംവിധാനമാണ് ഇനി വേണ്ടത്. താൽപര്യമുള്ളവർക്കു സിഎംഎഫ്ആർഐയെ സമീപിക്കാം.

മീനുകളിൽനിന്നു ചെവിക്കല്ല് എങ്ങനെ ശേഖരിക്കാമെന്നതു സംബന്ധിച്ചു മത്സ്യമേഖലയിലെ സ്ത്രീകൾക്കു പരിശീലനം നൽകാൻ സിഎംഎഫ്ആർഐ തയാറാണ്. ഇതു വിജയിച്ചാൽ സ്ത്രീകൾക്കു പുതിയ തൊഴിലവസരം തുറക്കും. സിഎംഎഫ്ആർഐ ഉപരിതലമത്സ്യ വിഭാഗം മേധാവി പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഇ.എം. അബ്ദുൽ സമദിന്റെ നേതൃത്വത്തിൽ ടെക്നിക്കൽ ഓഫിസർ എൻ.വി. ദീപ്തി, ടെക്നിക്കൽ അസിസ്റ്റന്റ് ടി.ബി. രതീഷ് എന്നിവരാണു ചെവിക്കല്ലു ഗവേഷണത്തിനു നേതൃത്വം നൽകിയത്.

## എല്ലാ കല്ലും ആഭരണമാവില്ല

എല്ലാ മീനുകളിലും 3 ജോഡി ചെവിക്കല്ലുകളുണ്ടെങ്കിലും എല്ലാ മീനുകളുടെ ചെവിക്കല്ലുകളും ആഭരണ നിർമാണത്തിനു യോജിച്ചതല്ല. തലയോട്ടിക്കകത്തുനിന്ന് ഇവ ശേഖരിക്കുന്നത് അതീവ ശ്രദ്ധയോടെ വേണം. അയലയിലെയും മത്തിയിലെയും ചെവിക്കല്ലുകൾ പെട്ടെന്നു പൊട്ടിപ്പോകുന്നവ ആയതിനാൽ അവ ആഭരണത്തിനു ചേർന്നതല്ല. ഓട്ടോലിത്ത് അഥവാ ചെവിക്കല്ല് കാത്സ്യം കാർബണേറ്റ് നിർമിതമാണ്. മീനുകളുടെ ബാലൻസ്, കേൾവി ശക്തി എന്നിവയിൽ നിർണായക സ്വാധീനം ചെലുത്തുന്നതു ചെവിക്കല്ലുകളാണ്.



മീനിന്റെ ചെവിക്കല്ലുകൊണ്ടു നിർമിച്ച കമ്മൽ.



ചെവിക്കല്ലുകൊണ്ടു നിർമിച്ച ആഭരണങ്ങൾ.

## ആഭരണ സാധ്യതകൾ

ചെവിക്കല്ലുകൾ ഉപയോഗിച്ചു മീനുകളുടെ പ്രായം കണക്കാക്കുന്ന ഗവേഷണത്തിനിടയിലാണു ചെവിക്കല്ലുകളുടെ ആഭരണ സാധ്യതയിലേക്കു ശാസ്ത്രജ്ഞരുടെ ശ്രദ്ധ തിരിഞ്ഞത്. പ്രകൃതിദത്തമായ ഡേറ്റ സൂക്ഷിച്ചു കേന്ദ്രമായി കരുതുന്ന ചെവിക്കല്ലുകൾ മീനുകളുടെ പ്രായം അറിയാനാണു കാര്യമായി പ്രയോജനപ്പെടുത്തിയിരുന്നത്. വിവിധ തീരങ്ങളിലൂടെ യാത്ര ചെയ്യുന്ന മീനിന്റെ ജീവിതയാത്ര പിന്തുടരാൻ ശാസ്ത്രജ്ഞരെ സഹായിക്കുന്നതും ചെവിക്കല്ലുതന്നെ. മീനിന്റെ ജീവശാസ്ത്രം, ലാർവ പരിസരം, മീൻ വർഗങ്ങളുടെ ശേഖരവും അവയുടെ പരിസ്ഥിതി പുനർനിർമാണവും തുടങ്ങിയവ തിരിച്ചറിയാനും ചെവിക്കല്ലുകളെ ആസ്പദമാക്കിയ പഠനങ്ങളാണു സഹായിക്കുക. ഓരോ മീൻ വർഗത്തിനും ചെവിക്കല്ലുകൾ വ്യത്യസ്ത രൂപത്തിലായിരിക്കും.

രൂപ വൈവിധ്യം ഇവയ്ക്ക് ആഭരണമൂല്യം നൽകുന്നു. ഗവേഷണത്തിനിടെ ശാസ്ത്രജ്ഞർ ആഭരണ നിർമാതാവിനെ വരുത്തി ചെവിക്കല്ലുകൾകൊണ്ട് ഏതാനും കമ്മലും വളയും ലോക്കറ്റും നിർമിച്ചു. ഈ വർഷം നടന്ന ശാസ്ത്ര സമ്മേളനത്തിലൊന്നിൽ ഇവ പ്രദർശിപ്പിച്ചു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നെത്തിയവർക്ക് ഈ കമ്മലുകൾ ഇഷ്ടമായി. സമ്മേളനത്തിൽ പങ്കെടുത്തവർക്ക് ഇത്തരം കമ്മലുകൾ ഉപഹാരമായി നൽകി. ഇവരിൽനിന്നു ലഭിച്ച പ്രതികരണംകൂടി അനുകൂലമായതോടെ ഇതു വ്യാവസായിക സാധ്യതയുള്ള മേഖലയാണെന്നു സിഎംഎഫ്ആർഐ തിരിച്ചറിഞ്ഞു.

## ചെവിക്കല്ല് മിത്തുകൾ ധാരാളം

ചെവിക്കല്ലുകളെക്കുറിച്ചു പല മിത്തുകളും നിലവിലുണ്ട്. പല രാജ്യങ്ങളിലും ചെവിക്കല്ലുകൾ ഭാഗ്യക്കല്ലുകളാണ്. കടൽദൂരങ്ങളിൽനിന്നു സംരക്ഷണം ലഭിക്കാൻ പ്രാചീനകാലത്ത് ഇവ ഉപയോഗിച്ചിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ സ്പെയിനിലും ഇറ്റലിയിലും അപകടങ്ങളിൽനിന്നും ചെകുത്താന്റെ കണ്ണുകളിൽനിന്നും രക്ഷതേടി വിശ്വാസികൾ ചെവിക്കല്ലുകൾ സൂക്ഷിക്കുക പതിവായിരുന്നു.

സ്പെയിനിലെ തീരനഗരങ്ങളിൽ ഇന്നും ഇവ വിൽപനയിലുണ്ട്. സ്പെയിനിൽ കുട്ടികൾ ഇവ രക്ഷയ്ക്കായി ശരീരത്തിൽ അണിയുന്നു. ബ്രസീലിൽ മത്സ്യത്തൊഴിലാളികൾ മികച്ച കൊയ്ത്തിനായും ഇതു ധരിക്കുന്നുണ്ട്.

## വിപണി - തൊഴിൽ സാധ്യത

ചെവിക്കല്ലുപയോഗിച്ചു നിർമിക്കുന്ന ആഭരണങ്ങൾ സ്വീകരിക്കപ്പെട്ടാൽ വ്യവസായമായി വളർത്താനാകും. തീരദേശ വിനോദ സഞ്ചാര മേഖലകളിൽ ഇതിനു വിപണി തുറക്കാനാകുമെന്നാണ് സിഎംഎഫ്ആർഐ അധികൃതരുടെ കണക്കുകൂട്ടൽ. മീൻപിടിത്ത മേഖലയിലെ സ്ത്രീകൾക്കു വ്യത്യസ്ത തൊഴിൽസാധ്യതയാകുമെന്നും കണക്കാക്കുന്നു. ഇതിനെല്ലാം വഴിതുറക്കുന്ന രീതിയിൽ സംരംഭകത്വ താൽപര്യം ഉയർന്നുവരുമെന്ന പ്രതീക്ഷയിലാണു ശാസ്ത്രജ്ഞർ.



മീനുകളുടെ പല ആകൃതിയിലുള്ള ചെവിക്കല്ലുകൾ.



സിഎംഎഫ്ആർഐ ഉപരിതല മത്സ്യ വിഭാഗം ലാബിൽ ഗവേഷകർ.



മീനിന്റെ ചെവിക്കല്ല് പുറത്തെടുക്കുന്നു.